**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4057** **03-03-2023 - ൽ മറുപടിയ്ക്ക്**

**വനിത ശിശു വികസന വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിത ശിശു വികസന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം നൽകാമോ? | (എ) | വനിത ശിശുവികസന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുളള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി സംബന്ധിച്ച വിവരങ്ങൾ |
|---|---|---|
| 1 | അഭയകിരണം | അശരണരായ വിധവകളെ സംരക്ഷിക്കുന്ന-വർക്ക് ധനസഹായം ലഭ്യമാക്കുന്നു. |
| 2 | പടവുകൾ | പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിധവകളുടെ മക്കൾക്ക് ട്യൂഷൻ ഫീ, ഹോസ്റ്റൽ ഫീ എന്നിവക്ക് ധനസഹായം ലഭ്യമാക്കുന്നു. |
| 3 | സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ | ഗാർഹിക പീഡനത്തിന് ഇരയായ സ്ത്രീകൾക്ക് നിയമ സഹായം, കൗൺസലിംഗ് എന്നിവ നൽകുന്നതിനായി എൻ.ജി.ഒ മുഖേന പ്രവർത്തിക്കുന്നു. |
| 4 | ഷെൽട്ടർ ഹോം | ഗാർഹിക പീഡനത്തിന് ഇരയായ സ്ത്രീകളെ താമസിപ്പിക്കുന്നതിനായി ജില്ലയിൽ എൻ.ജി.ഒ. മുഖേന ഒരു ഷെൽട്ടർ ഹോം പ്രവർത്തിക്കുന്നു. |
| 5 | കാതോർത്ത് | സ്ത്രീകൾക്ക് ഓൺ ലൈൻ കൺസൾട്ടേഷൻ നൽകുന്ന പദ്ധതി. |
| 6 | വനിതാ ഗൃഹനാഥ പദ്ധതി | വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ കുട്ടി-കൾക്ക് വിദ്യാഭ്യാസ ധനസഹായം ലഭ്യമാക്കുന്നു. |
| 7 | പൊൻവാക്ക് | ശൈശവ വിവാഹം തടയുന്നതിന്റെ ഭാഗമായി വിവരം നൽകുന്നവർക്കുള്ള പാരിതോഷികം നൽകി വരുന്നു. |
| 8 | ഓർഫണേജ് ഗ്രാന്റ് | അനാഥരായ കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നു. |
| 9 | സഹായഹസ്തം പദ്ധതി | വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായം അനുവദിക്കുന്നു. |
| 10 | മംഗല്യ | വിധവകൾക്കും, വിവാഹമോചിതരുമായ സ്ത്രീകൾക്കും പുനർ വിവാഹത്തിനുള്ള ധനസഹായം ലഭ്യമാക്കുന്നു. |
| 11 | സ്മാർട്ട് അങ്കണവാടി | ടി പദ്ധതി പ്രകാരം 9 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. |
| 12 | റീബിൽഡ് കേരള | ടി പദ്ധതിയിൽ 4 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. |
| 13 | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് | 2022-23 വർഷം 15 അങ്കണവാടികളിൽ ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് നിർമ്മാണം നടന്നുവരുന്നു. |

| | | |
|---|---|---|
| 14 | ശിശുക്കളുടെ ആദ്യ 1000 ദിനം | ഗർഭിണികളായ സ്ത്രീകൾക്കും പാലൂട്ടുന്ന അമ്മമാർക്കുമുള്ള ടി പദ്ധതിയിൽ അട്ടപ്പാടി, കൊല്ലങ്കോട്, മലമ്പുഴ, എന്നീ സ്ഥലങ്ങളിൽ പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് വിതരണം നടത്തി വരുന്നു. |
| 15 | പോഷകബാല്യം | പദ്ധതി പ്രകാരം അങ്കണവാടികളിൽ ഒരു കുട്ടിക്ക് 125 മി.ലി. പാൽ ആഴ്ചയിൽ രണ്ടു ദിവസവും, ഒരു കുട്ടിക്ക് കോഴി മുട്ട 1 എണ്ണം വീതം ആഴ്ചയിൽ 2 ദിവസവും നൽകി വരുന്നു. |
| 16 | തേൻകണം | അങ്കണവാടിയിൽ വരുന്ന കുട്ടികൾക്ക് 0.50 ഗ്രാം ( 6 തുള്ളി) വീതം തേൻ ആഴ്ചയിൽ 2 ദിവസം നൽകി വരുന്നു. |
| 17 | എം.ജി.എൻ.ആർ.ഇ.ജി.എസ്. | 33 അങ്കണവാടികൾക്ക്കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുകയും 20 എണ്ണത്തിന്റെ പണി പൂർത്തീകരിക്കുകയും 11 എണ്ണത്തിന്റെ പണി പുരോഗമിക്കുകയും ചെയ്തുവരുന്നു. |
| 18 | ഐ.സി.ഡിഎസ്. | 21 ഐ.സി.ഡി.എസ്. പ്രോജക്ടുകളിലായി 2832 അങ്കണവാടികളും 3 മിനി അങ്കണവാടികളും പ്രവർത്തിക്കുന്നു. ഐ.സി.ഡിഎസ്. വഴി അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം, ആരോഗ്യ പരിശോധന, റഫറൽ സർവ്വീസ്, ആരോഗ്യ പ്രതിരോധ കുത്തിവയ്പും ചികിത്സയും , ആരോഗ്യ പോഷണ വിദ്യാഭ്യാസം അനൗപചാരിക പ്രീ-പ്രൈമറി വിദ്യാഭ്യാസം എന്നീ സേവനങ്ങൾ നൽകുന്നു. |
| 19 | പി.എം.എംവി.വൈ (പ്രധാനമന്ത്രി മാതൃ വന്ദന യോജന) | ഗർഭം ധരിച്ച് ആദ്യത്തെ അഞ്ചു മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യുന്ന ഗർഭിണികൾക്ക് ആദ്യത്തെ പ്രസവത്തിന് 5000/- രൂപ നൽകി വരുന്നു. |
| 20 | കമ്മ്യൂണിറ്റി കിച്ചൻ | അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതി. കുടുംബശ്രീ മിഷൻ വഴി നടപ്പാക്കുന്ന പദ്ധതിയുടെ പ്രയോജനം ഐ.സി.ഡി.എസ്. ഉപഭോക്താക്കൾക്കു പുറമേ ഭിന്നശേഷിയുള്ളവർക്കും കിടപ്പ രോഗികൾക്കും വയോജനങ്ങൾക്കും ലഭ്യമാകുന്നു. |
| 21 | കാവൽ | നിയമവുമായി സമരസപ്പെടാത്ത കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതി. |

| | | |
|---|---|---|
| 22 | കാവൽ പ്ലസ് | ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും പോക്സോ അതിജീവിതരുമായ കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസം ഉറപ്പാക്കുന്നു. |
| 23 | ആശ്വാസനിധി | ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ഗാർഹിക അതിക്രമങ്ങൾ, ജെൻഡർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തരമായി ധനസഹായം ലഭ്യമാക്കുന്നു. |
| 24 | സ്പോൺസർഷിപ്പ് | കുട്ടികളുടെ ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസ ആവശ്യങ്ങൾ എന്നിവയ്ക്കും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളെ കുടുംബത്തിന്റെ സംരക്ഷണയിൽ വളർത്തുന്നതിനുമായി കുടുംബങ്ങൾക്ക് ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് വഴി ധനസഹായം ലഭ്യമാക്കി വരുന്നു. |
| 25 | ജില്ലാതല റിസോഴ്സ് സെന്റർ | സർക്കാർ-സർക്കാരിതര സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള റഫറൽ അടിസ്ഥാനത്തിൽ വിദഗ്ധ പരിചരണം ആവശ്യമുള്ള കുട്ടികൾക്ക് ആയത് വിദഗ്ധരുടെ സഹായത്തോടെ ലഭ്യമാക്കുന്ന കേന്ദ്രമായി ജില്ലാ റിസോഴ്സ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. |
| 26 | ബാലനിധി | കുട്ടികളുടെ ക്ഷേമം,സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജെ.ജെ ആക്ട് 2015 അനുസരിച്ച് ഐ സി പി എസ് മുഖാന്തിരം നടപ്പിലാക്കി വരുന്നു. |
| 27 | സഖി വൺ സ്റ്റോപ്പ് സെന്റർ | അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്ക് പോലീസ് സംരക്ഷണം, നിയമ സഹായം, മെഡിക്കൽ സഹായം, വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന സേവനങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുകയും 5 ദിവസം വരെ താത്കാലിക അഭയം നൽകി സംരക്ഷണം ഏർപ്പെടുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ